

# മേട്ടിപ്പാടം
# സെന്റ് ജോസഫ്സ് ഇടവക

എലിഞ്ഞിപ്ര (ചൗക്ക) ഇടവകയുടെ ഭാഗമായിരുന്ന മേട്ടിപ്പാടത്തുള്ള കത്തോലിക്കാ വിശ്വാസികൾ വളരെ ക്ലേശങ്ങൾ സഹിച്ചാണ് ദീർഘകാലം തങ്ങളുടെ ആത്മീയാവശ്യങ്ങൾ നിർവഹിക്കുന്നതിനായി എലിഞ്ഞിപ്ര, താഴൂർ, കനകമല എന്നീ ദേവാലയങ്ങളിൽ പോയിരുന്നത്. ഈ പ്രദേശത്ത് ഒരു ദേവാലയം ഉണ്ടാകണമെന്ന തീക്ഷ്ണമായ ആഗ്രഹം ജനങ്ങളിൽ കുടികൊള്ളുമ്പോഴാണ് എലിഞ്ഞിപ്ര വികാരിയായിരുന്ന ബഹു. ജോസഫ് കിഴക്കുംതലയച്ചനെ ഈ പദ്ധതി നടപ്പിലാക്കാൻ ദൈവം ഉപകരണമാക്കിയത്. പള്ളിക്കുവേണ്ടി സ്ഥലം ദാനമായി നല്കാൻ 1982-ൽ ചിലർ രംഗത്തുവന്നു. അങ്ങനെ, മേച്ചേരി കൊച്ചാപ്പു 50 സെന്റും, മേച്ചേരി അന്തോണി, മേച്ചേരി പൗലോസ് എന്നിവർ 25 സെന്റ് വീതവും നല്കാൻ സന്നദ്ധരായി. ദൈവാലയ നിർമ്മാണകമ്മറ്റിയംഗങ്ങളും ബഹു. വികാരിയച്ചനും കൂടി 1984 മാർച്ച് 22-ന് പിതാവിന് അപേക്ഷ നല്കി. നിർദ്ദേശാനുസരണം 1984 ഏപ്രിൽ 27-ാം തിയ്യതി പ്രസ്തുത സ്ഥലങ്ങൾ ഇരിങ്ങാലക്കുട രൂപതാധ്യക്ഷന്റെ പേരിൽ നിരുപാധികം ദാനതീറായി നല്കുകയും ഏപ്രിൽ 29-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ക്രമേണ നിർമ്മാണ ഫണ്ട് സമാഹരിച്ചു.

### ദേവാലയം

1984 സെപ്റ്റംബർ 16-ാം തിയ്യതി നിർദ്ദിഷ്ട പള്ളിയുടെ മുൻഭാഗത്ത് വി. യൗസേപ്പ് പിതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ചു. അന്നു മുതൽ ബുധനാഴ്ച തോറും വിശുദ്ധന്റെ നൊവേന നടത്തി വരികയും ചെയ്യുന്നു. 1985 സെപ്റ്റംബർ 30-ന് ദൈവാലയ നിർമ്മാണം ആരംഭിച്ചു. വി. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള മനോഹരമായ ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം 1986 ജൂൺ 29-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ തിരുമേനി നിർവ്വഹിച്ചു. തുടർന്ന് ഞായർ, ബുധൻ എന്നീ ദിവസങ്ങളിൽ ദിവ്യബലിയർപ്പിക്കുന്നതിനും ജനങ്ങളുടെ ആത്മീയാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി

ബഹു. ജോസഫ് കിഴക്കുംതലയച്ചനെത്തന്നെ അഭിവന്ദ്യപിതാവ് നിയോഗിച്ചു. പിന്നീട് സിമിത്തേരിയുടെ പണി പൂർത്തിയായപ്പോൾ 1986 ഒക്ടോബർ 25-ന് മാർ ജെയിംസ് പഴയാറ്റിൽ വെഞ്ചിരിക്കുകയുണ്ടായി.

## ഇടവക രൂപീകരണം

ദൈവാലയം, സിമിത്തേരി എന്നിങ്ങനെ ഇടവകയ്ക്ക് വേണ്ട പ്രാരംഭ സൗകര്യങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ മേട്ടിപ്പാടം പ്രദേശത്തുള്ള 160 കുടുംബങ്ങളെ ഉൾപ്പെടുത്തി നിശ്ചിത അതിർത്തിയോടുകൂടി അഭിവന്ദ്യ പിതാവിന്റെ കല്പന നമ്പർ DL 2/87 പ്രകാരം ഇടവക രൂപീകരിച്ചു. ഇപ്രകാരം 1987 മേയ് 1-ാം തിയ്യതി മുതൽക്കുള്ള പ്രാബല്യത്തോടുകൂടി നിലവിൽ വന്ന ഈ ഇടവകയുടെ പരിധിയിൽ വന്നത് എലിഞ്ഞിപ്ര, കനകമല, താഴൂർ എന്നീ ഇടവകകളിൽ നിന്നുള്ള കുടുംബങ്ങളാണ്. ദേവാലയസ്ഥാപകനായ ബഹു. ജോസഫ് കിഴക്കുംതലയച്ചനായിരുന്നു, പ്രഥമ വികാരി. ആദ്യകാലങ്ങളിൽ എലിഞ്ഞിപ്ര പള്ളിയിൽ നിന്നും പിന്നീട് കനകമല പള്ളിയിൽ നിന്നുമുള്ള വികാരിമാരാണ് ഇവിടെ വികാരിമാരായി ശുശ്രൂഷ ചെയ്തിരുന്നത്.

## മതബോധനം, പാരിഷ്ഹാൾ

1987-ൽ മതബോധന ക്ലാസ്സുകൾക്ക് തുടക്കം കുറിക്കുകയും 1 മുതൽ 11 വരെയുള്ള ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. പള്ളിയോട് തൊട്ടടുത്തുള്ള 1 ഏക്കർ പറമ്പ് CMC ഉദയ പ്രോവിൻസിലെ ബഹു. സിസ്റ്റേഴ്സിൽ നിന്നും 1989 ഡിസംബർ 15-ാം തിയ്യതി തീറ് എടുക്കുവാൻ ബഹു. കിഴക്കുംതലയച്ചന്റെയും ഇടവകക്കാരുടെയും അക്ഷീണ ശ്രമത്താലാണ് സാധിച്ചത്. ഈ സ്ഥലത്ത് ബഹു. കിഴക്കുംതലയച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണജൂബിലി സ്മാരകമായി പണിത പാരിഷ് ഹാളിന്റെ ആശീർവാദകർമ്മം 1993 നവംബർ 14-ാം തിയ്യതി അഭിവന്ദ്യ പിതാവ് നടത്തി. 1994 മാർച്ച് 28-ാം തിയ്യതി വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പ്രദക്ഷിണം നടത്തുന്നതിനുള്ള അനുമതിയും രൂപതയിൽനിന്ന് ലഭിച്ചു. ബഹു. ഫാ. ജോർജ്ജ് വേഴപ്പറമ്പിലാണ് സിമിത്തേരിയിൽ കപ്പേള സ്ഥാപിച്ചത്. ബഹു. ജോയി പെരേപ്പാടൻ അച്ചന്റെ നേതൃത്വത്തിൽ 1999 സെപ്റ്റംബർ 19-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ തിരുമേനി ശിലാസ്ഥാപനം നടത്തിയ വൈദികമന്ദിരത്തിന്റെ പണികൾ യഥാസമയം പൂർത്തിയായപ്പോൾ വെഞ്ചിരിച്ചു.



വൈദിക മന്ദിരം, പാരിഷ് ഹാൾ

## സന്യാസഭവനങ്ങൾ, സ്ക്കൂൾ



സെന്റ് ജോസഫ് ഓഫ് സെന്റ് മാർക്ക് കോൺവെന്റ്

ഇതിനിടെ പള്ളിക്കുസമീപം MCBS ആശ്രമാധികാരികൾ ഭവനം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുകയും ഈ ഇടവകയുടെ വികാരിയായി സേവനം ചെയ്യുവാൻ ബഹു. കുര്യാക്കോസ് മീൻപുഴ അച്ചനെ നല്കുവാൻ തയ്യാറാണെന്നുള്ള വിവരം MCBS അധികാരികൾ അഭിവന്ദ്യപിതാവിനെ അറിയിക്കുകയും ചെയ്തു. അങ്ങനെ ഇടവകാംഗങ്ങളുടെയും ബഹു. ജോസഫ് അച്ചന്റെയും ചിരകാല അഭിലാഷം - ഇടവകയ്ക്ക് സ്വന്തമായി ഒരു വികാരി - 2002 ജൂലായ് 10 മുതൽ ബഹു. കുര്യാക്കോസ് മീൻപുഴ അച്ചനെ ലഭ്യമായതോടെ പൂർത്തിയായി.

2003 ഫെബ്രുവരി മാസത്തിൽ ഇടവകയിലെ മേച്ചേരി ഔസേപ്പ് ഭാര്യ ഏല്യക്കുട്ടി ജംഗ്ഷനിൽ ഒരു കപ്പേള നിർമ്മിക്കുന്നതിനായി രണ്ടരസെന്റ് ഭൂമി നല്കി. 3.1.2005-ൽ പള്ളിയുടെ മുൻവശത്തുള്ള പുതിയ കപ്പേളയുടെ ശിലാസ്ഥാപനം നടത്തി. 24.7.2005-ൽ അഭിവന്ദ്യ പിതാവ് കപ്പേളയുടെ കല്ലിടൽ കർമ്മം നടത്തി. 9.2.2003-ലെ പൊതുയോഗ തീരുമാനപ്രകാരം പള്ളിയുടെ പാരിഷ് ഹാൾ, വൈദിക മന്ദിരത്തിന്റെ ഹാൾ, പള്ളിയിലെ മുകളിലെ മുറികൾ, തുടങ്ങിയ സൗകര്യങ്ങൾ എം.സി.ബി.എസ്. സന്യാസസഭയുടെ നേതൃത്വത്തിലുള്ള MAPS (മാത്യു ആലക്കുളം പബ്ലിക്



MCBS ഭവനം & M.A.P.S. സ്കൂൾ

സ്കൂൾ) എന്ന സ്കൂളിനായി അനുവദിച്ചു നല്കി. 2003 ജൂൺ മുതൽ 3 വർഷം സ്കൂൾ പള്ളിയോട് ചേർന്നുള്ള സ്ഥലത്തുതന്നെ തുടർന്നു. പിന്നീട് MCBS സഭയുടെ സ്ഥലത്തേക്ക് സ്കൂൾ മാറ്റി. 2005 മെയ് മാസത്തിൽ സ്ഥാപിതമായ സെന്റ് ജോസഫ് ഓഫ് സെന്റ് മാർക്ക് കോൺഗ്രിഗേഷന്റെ കോൺവെന്റ് ഇട വകയുടെ കാര്യങ്ങളിൽ സഹകരിച്ചുപോരുന്നു.



സെന്റ് ജോസഫ്സ് കപ്പേള